OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

Vol. 2 Book 4 Regd. No. ER/450/2001 Date:30.04.2020

# കരിമരുന്നും പൂത്തിരികളുമില്ലാതെ, ആഘോഷങ്ങളും ആരവങ്ങളുമില്ലാതെ ഒരു വിഷുക്കാലം






വിഷുക്കണി

വിഷുവം അഥവാ തുല്യാവസ്ഥയാണ് വിഷു. ദിനരാത്രങ്ങൾക്ക് തുല്യ ദൈർഘ്യമുണ്ടാവുന്ന അവസ്ഥ. ഒരു രാശിയിൽ നിന്നും അടുത്ത രാശിയിലേയക്ക്സൂര്യൻ പോകുന്നതിനെ **സംക്രാന്തി** എന്നു പറയുന്നു. സംക്രാന്തികളിൽ വെച്ച് പ്രധാനമായത് മഹാവിഷു എന്നും പറയുന്നു. ഈ വിശേഷ ദിവസങ്ങൾ പണ്ടു മുതലേ ആഘോഷിച്ചു വരുന്നുണ്ടാവണം. ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ സംഘകാലത്തെ 'പതിറ്റുപ്പത്ത്' എന്ന കൃതിയിൽ ഉണ്ട്.

'വിഷു' മലയാളത്തിന്റെ പുതുവൽസരപ്പിറവിയാണ്. മലയാള വർഷാരംഭമായ മേടം ഒന്നാം തിയതി വർഷാരംഭമായി കേരളത്തിൽ ആചരിക്കുന്നത് ഒരു പക്ഷേ കൊല്ല വർഷാരംഭത്തോടെ ആയിരിക്കണം. വിഷുവങ്ങളിൽ പ്രധാനമായ മഹാവിഷു ഇപ്പൊൾ 24 ദിവസത്തോളം പിന്നിലാണ്. ഭൂമിയുടെ അച്ചുതണ്ടിന്റെ പുരസ്സരണം ആണു് ഇതിന് കാരണം. പണ്ട് മേഷാദി മേടത്തിൽ ആയിരുന്നു. എന്നാൽ വിഷുവങ്ങളുടെ പുരസ്സരണം കാരണം മേഷാദി ഇപ്പോൾ മീനം രാശിയിൽ ആണ്. എന്നിട്ടും നമ്മൾ വിഷു ആഘോഷിക്കുന്നത് മേടത്തിൽ ആണ്. ഇതേ പോലെ തുലാദി ഇപ്പോൾ കന്നി രാശിയിൽ ആണ്.

കേരളത്തിലെ കാർഷികോത്സവമാണ് വിഷു. അടുത്ത ഒരു കൊല്ലത്തെ ഫലത്തെക്കുറിച്ചും ഇക്കാലയളവിൽ ജനങ്ങൾ ചിന്തിക്കുന്നു. വിഷുഫലം എന്നാണ് ഇതിനു പറയുക. കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ അതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലും വിഷു ആഘോഷിക്കാറുണ്ട്. ഭാരതത്തിലെ മിക്ക സംസ്ഥാനങ്ങളിലും സമാനമായ ആഘോഷങ്ങൾ ഉണ്ട്. എല്ലായിടത്തും ഭാരതത്തിൽ മുൻപ് നിലവിലിരുന്ന പഞ്ചാംഗം പ്രകാരമുള്ള വർഷാരംഭമാണ് ഈ ദിനം. കണിക്കൊന്നപ്പൂക്കളടങ്ങിയ കാഴ്ച്ച വസ്തുക്കളാൽ വിഷുക്കണിയൊരുക്കിയും വിഷുക്കൈനീട്ടം നല്കിയും പടക്കങ്ങൾ പൊട്ടിച്ചും പൂത്തിരി കത്തിച്ചും വിഷു ആഘോഷമാക്കുന്നു.

കേരളത്തിൽ ശ്രീകൃഷ്ണന്റെ ആരാധനയുമായി ബന്ധപ്പെട്ട് വിഷുവിന് പ്രാധാന്യമുണ്ട്. ഗുരുവായൂർ പോലെയുള്ള ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ മേടവിഷു വളരെ പ്രാധാന്യത്തോടെ ആഘോഷിക്കാറുണ്ട്.



**കണിക്കൊന്ന പൂക്കൾ**

# ഈസ്റ്റർ



യേശുക്രിസ്തു മരിച്ച് അടക്കം ചെയ്തതിന് ശേഷം മൂന്നാം ദിവസമായ ഞായറാഴ്ച്ച മരണത്തെ അതിജീവിച്ച് ഉയർത്തെഴുന്നേറ്റതിനെ അനുസ്മരിച്ച് ക്രൈസ്തവർ ആചരിച്ചു വരുന്ന ഒരു വാർഷികപ്പെരുന്നാൾ ആണ് ''ഉയിർപ്പു പെരുന്നാൾ'' അഥവാ ഈസ്റ്റർ. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദുവാണ് ക്രിസ്തുവിന്റെ ഉയിർപ്പ്.

**''യേശുക്രിസ്തു ഉയിർത്തെഴുനേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.''**

എന്നു തുടങ്ങിയ വിശുദ്ധ പൗലോസിന്റെ പ്രഖ്യാപനത്തിൽ നിന്ന് (1 കൊരി.XV-14-17) ഇത് വ്യക്തമാവുന്നുണ്ട്. പഴയ നിയമത്തേയും പുതിയ നിയമത്തേയും കോർത്തിണക്കുന്ന കണ്ണിയാണ് 'ഉയിർപ്പു പെരുന്നാൾ' അഥവാ ഈസ്റ്റർ. പഴയ നിയമം യഹൂദന്മാരുടെ ദീർഘ ചരിത്രമാണ്. പഴയ നിയമത്തിൽ പെസഹാ യഹൂദന്മാരുടെ ഒരു പ്രധാന തിരുനാളാണ്. മിസ്രയീം (ഈജിപ്റ്റ്) രാജാവായിരുന്ന ഫറവോന്റെ അടിമത്തത്തിലും ഊഴിയ വേലയിലും നിന്ന് യഹൂദ ജനതയ്ക്ക് അത്ഭുതകരമായി മോചനം നല്കിയതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ ദിനം ആഘോഷിക്കപ്പെട്ടിരുന്നത്. ആ തിരുനാളിൽ അറക്കപ്പെടുന്ന കളങ്കമില്ലാത്ത കുഞ്ഞാടിന്റെ രക്തം യഹൂദ ജനത അടിമത്തത്തിൽ നിന്ന് വിടുതൽ പ്രാപിച്ചതിന്റെ പ്രതീകമായിട്ടാണ് കരുതി വരുന്നത്. ക്രിസ്തുവിന്റെ മരണമാകട്ടെ മാനവവംശത്തിന് പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന് നിദാനമാണ്.

യഹൂദന്മാരുടെ പെസഹാ തിരുനാളിൽ തന്നെയാണ് പുതിയ പെസഹാ കുഞ്ഞാടായ ക്രിസ്തു ബലികഴിക്കപ്പെടുന്നത്. തന്റെ മരണവും ഉത്ഥാനവും കൊണ്ട് പഴയ പെസഹാ രഹസ്യത്തിന് യേശു പൂർത്തീകരണം നല്കി. യഹൂദരേയും ക്രിസ്ത്യാനികളേയും യോജിപ്പിക്കുന്നത് ക്രിസ്തു തന്നെ. ജർമ്മൻ ജനതയുടെ എവോസ്ട്രേ എന്ന വസന്ത ദേവതയുടെ പേരിൽ നിന്നാണ് 'ഈസ്റ്റർ' എന്ന പദം ഉത്ഭവിച്ചതെന്ന് കരുതപ്പെടുന്നു.



ലോകമെമ്പാടുമുള്ള ജനഹൃദയങ്ങളിൽ നോവ് പടർത്തി ഈ വർഷത്തെ വിഷുവും ഈസ്റ്ററും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വന്ന ലോക്ക് ഡൗണിലൂടെ നിശബ്ദമായി കടന്നു പോവുകയാണ്.

**എങ്കിലും നേരുകയാണ്**
**നന്മകൾ നിറഞ്ഞ,**
**ശാന്തസുന്ദരമായ ഭാവിയും**
**പുതുവർഷവും!**

List of Emergency Helpline Numbers All Over in India

| Helpline Number | Department |
|---|---|
| 100 | Police |
| 101 | Fire |
| 102 | Ambulance |
| 103 | Traffic Police |
| 104 | State level Helpline for Health |
| 108 | Disaster Management/ Medical Helpline |
| 112 | All in one Emergency Number (General Emergency Department of Telecommunications (DoT)) |
| 131 | Indian Railway General Enquiry |
| 139 | Railway Enquiry |
| 181 | Domestic abuse and sexual violence-Women's Helpline |
| 197 | Directory enquiry service |
| 198 | Telephone Complaint Booking |
| 1031 | Anti Corruption Helpline |
| 1033 | Emergency Relief Centre on National Highways |
| 1066 | Anti-poison |
| 1071 | Air Accident |
| 1072 | Train accident |
| 1073 | Road Accident/ Traffic Help Line |
| 1090 | Anti terror Helpline/Alert All India |
| 1091 | Women Helpline in Distress |
| 1092 | Earth-quake Help line service |
| 1096 | Natural Disaster Control Room |
| 1097 | AIDS Helpline |
| 1098 | Child Abuse Hotline |
| 1099 | Central Accident and Trauma Services |
| 1551 | Kisan Call Center |
| 1906 | LPG emergency helpline number |
| 1910 | Blood Bank Information |
| 1919 | Eye Donation/ Eye bank information service |
| 1947 | Aadhar Card-UIDAI (Unique Identitification authority of India),1800-180-194 |
| 1950 | Election Commission of India |
| 1800-11-4000 | National Consumer Helpline |

# കൊവിഡ് 19

## വാതിൽപ്പടി മരുന്ന് വിതരണം
## കോട്ടയത്ത് സഹായ ഹസ്തവുമായി സ്റ്റേറ്റ് ബാങ്ക്
### കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ ഉദ്യോഗസ്ഥർ

കൊറോണയ്ക്കെതിരെ പ്രതിരോധ നടപടികൾ സർക്കാർ തലത്തിൽ നടത്തി വരുന്ന പ്രത്യേക സാഹചര്യത്തിൽ, രോഗികളായ പെൻഷൻകാർ നേരിടുന്ന ഗുരുതര പ്രതിസന്ധി മറികടക്കാൻ സഹായഹസ്തവുമായി സ്റ്റേറ്റ് ബാങ്ക് കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്.

ലോക്ക്ഡൗൺ നിലവിൽ വന്നതോടെ യാത്രാനിയന്ത്രണം കാരണം ബാങ്ക് ഡോക്ടർമാരുടെയും ഡിസ്പെൻസറിയുടെയും സേവനം പ്രയോജനപ്പെടുത്തിയിരുന്ന ബാങ്ക് പെൻഷൻകാർക്ക് ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ ആവശ്യപ്പെട്ടതനുസരിച്ചു അത്യാവശ്യക്കാർക്ക് ഡിസ്പെൻസറിയിൽ നിന്ന് ലഭിച്ചിരുന്ന മരുന്നുകൾ അവരവരുടെ വാതിൽപ്പടിയിൽ എത്തിച്ചു് കൊടുക്കുന്ന പദ്ധതിക്കു കോട്ടയത്ത് 2020 ഏപ്രിൽ മാസം 7ന് തുടക്കം കുറിച്ച് ഏപ്രിൽ 15 വരെ നടപ്പിലാക്കി. പെൻഷൻകാരുടെ പേര് , മരുന്നിന്റെ വിവരണം അടങ്ങിയ ലിസ്റ്റ് അസോസിയേഷന്റെ ഓഫീസിൽ നിന്നും അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലേയ്ക്ക് കൊടുക്കുന്നതനുസരിച്ചു ബാങ്കിന്റെ ഡിസ്പെന്സറിയിലെ ഡോക്ടർ മരുന്നുകളുടെ ലിസ്റ്റ് പരിശോധിച്ച ശേഷം ഒരുരുത്തർക്കും ആവശ്യപ്പെട്ട മരുന്നുകൾ പായ്ക്കറ്റുകളിലാക്കി വിതരണത്തിന് ചീഫ് മാനേജർ ശ്രീ കോശി മാത്യുവിനെ ഏൽപ്പിക്കുകയാണ് ചെയ്തത് . അദ്ദേഹവും ഡെപ്യൂട്ടി മാനേജർ ജീവൻ പ്രകാശും ചേർന്ന് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ, കോട്ടയം മുൻസിപ്പൽ പ്രദേശം, ഏറ്റുമാനൂർ, കുറുപ്പുന്തറ കടുത്തുരുത്തി, വൈക്കം, കുറവിലങ്ങാട് വെമ്പള്ളി, പാലാ, ചങ്ങനാശേരി വാകത്താനം , പുതുപ്പള്ളി, മണിമല, എന്നി സ്ഥലങ്ങളിൽ താമസിക്കുന്ന 51 പെൻഷൻകാർക്ക് മരുന്ന് എത്തിച്ചു കൊടുത്തു. ഒരുപക്ഷേ കോട്ടയം ആണ് കേരള സർക്കിളിൽ ഈ പദ്ധതിക്കു തുടക്കം കുറിച്ചതും ഇത്ര വ്യാപക മായിട്ടും ഭംഗിയായിട്ടും നടത്തിയതും. ഡിസ്പെൻസറിയിൽ നിന്നും ഒരുപ്രാവശ്യം പോലും മരുന്ന് വാങ്ങിയ്ക്കാത്ത ഒരു സീനിയർ കിടപ്പു പെന്ഷനർക്ക് മരുന്ന് എത്തിച്ചു കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ഉണ്ടായ സന്തോഷവും നന്ദിയും ഇവിടെ എടുത്ത് പറയേണ്ടി യിരിക്കുന്നു.



മാർഗനിർദ്ദേശങ്ങളുമായി കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെ. ജനറൽ മാനേജർ ശ്രീ. ജയതീർത്ഥ. വി. ജൈനാപൂർ



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലെ ചീഫ് മാനേജർ (എച്ച്.ആർ) ശ്രീ കോശി മാത്യു അംഗങ്ങൾക്ക് വീടുകളിൽ മരുന്നെത്തിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നല്കുന്നു.

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ നിന്ന് ചീഫ് മാനേജർ (എച്ച്.ആർ) ശ്രീ.കോശി മാത്യു മുൻകൈ എടുത്താണ് മരുന്ന് വീടുകളിൽ എത്തിച്ചത്. ഏപ്രിൽ 7 ന് പെൻഷൻകാരുടെ വീടുകളിൽ അവർ സ്ഥിരമായി കഴിക്കുന്ന മരുന്നുകളുമായി കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലെ ഡെ. മാനേജർ (എച്ച്.ആർ) ശ്രീ. ജീവൻ പ്രകാശിന്റെ നേതൃത്വത്തിൽ ശ്രീ ഉല്ലാസ്, ,ചീഫ് മാനേജർ അലക്സ് മണ്ണൂരാൻപറമ്പിൽ എന്നിവർ എത്തിയപ്പോൾ പെൻഷൻകാർക്ക് വളരെ ആശ്വാസമായി. ബാങ്കിന്റെ കരുതലും പെൻഷൻകാരുടെ കാര്യത്തിലുള്ള താൽപ്പര്യവും അവർ നേരിട്ട് അനുഭവിച്ചു. 11 പേരുടെ വീടുകളിൽ മരുന്ന് എത്തിക്കാൻ അവർക്ക് സാധിച്ചു.




മരുന്ന് ഏറ്റുവാങ്ങുന്നത് എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ കേന്ദ്രം മുൻ വൈസ് പ്രസിഡന്റ് ശ്രീ.എ.വി. ജോർജ്ജ്



എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷൻ അംഗങ്ങളുടെ കഷ്ടപ്പാടുകൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം ഉണ്ടാക്കിയ കോട്ടയം ഡെ. ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടക്കാമുണ്ടക്കൽ



ചീഫ് മാനേജറും സ്റ്റേറ്റ് ബാങ്ക് ഓഫീസേഴ്സ് അസ്സോസിയേഷൻ റീജിയണൽ സെക്രട്ടറിയുമായ ശ്രീ. അലക്സ് മണ്ണൂരാൻപറമ്പിൽ എസ്.ബി.ഐ. റിട്ട. മാനേജർ ശ്രീ.പി.കെ. വിജയന്റെ വീട്ടിലെത്തി സ്ഥിരമായി കഴിക്കുന്ന മരുന്ന് കൈമാറുന്നു.

## മ്യൂച്ചൽ ഫണ്ടുകൾക്കായി പ്രത്യേക റിപ്പോ ഓപ്പറേഷൻ പാക്കേജുമായി ആർ.ബി.ഐ.

ഓഹരി വിപണിയുടേയും കടപ്പത്ര വിപണിയുടേയും അസ്ഥിരതയിൽ സമ്മർദ്ദത്തിലായ മ്യൂച്ചൽ ഫണ്ടുകൾക്ക് പണലഭ്യത ഉറപ്പാക്കാൻ പ്രത്യേക റിപ്പോ ഓപ്പറേഷൻ പാക്കേജ് പ്രഖ്യാപിച്ചു. പ്രമുഖ മ്യൂച്ചൽ ഫണ്ട് കമ്പനിയായ ഫ്രാങ്ക്ളിൻ ടെമ്പിൾടൺ ഡെറ്റ് ഫണ്ടുകളിലെ ആറ് പദ്ധതികൾ പിൻവലിച്ചതിനെത്തുടർന്നാണ് ആർ.ബി.ഐ. നടപടി.



വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ ശ്രീ. പി. പി. ഫിലിപ്പിന്റെ വസതിയിൽ അത്യാവശ്യ മരുന്നുകൾ എത്തിച്ചു കൊടുക്കുന്ന കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലെ ചീഫ് മാനേജർ (എച്ച്.ആർ) ശ്രീ കോശി മാത്യു.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിലെ ഡെ. മാനേജർ (എച്ച്.ആർ) ശ്രീ. ജീവൻ പ്രകാശ് വകത്താനത്ത് ശ്രീ. പുന്നൂസിന്റെ വീട്ടിലെത്തി സ്ഥിരമായി കഴിക്കുന്ന മരുന്ന് കൈമാറുന്നു.



ശ്രീമതി.ലിസ്സി ആന്റണിയുടെ ഭർത്താവ് ശ്രീ. എബ്രഹാം ജോർജ്ജിന് ശ്രീ.കോശി മാത്യു തലയോലപ്പറമ്പിലെത്തി മരുന്നു കൈമാറുന്നു..

ഈ സംരംഭത്തിന് മുൻകൈ എടുത്ത കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെ. ജനറൽ മാനേജർ ശ്രീ. ജയതീർത്ഥ. വി. ജൈനാപൂരിനും ഇതിൽ പങ്കാളികളായ ചീഫ് മാനേജർ ശ്രീ കോശി മാത്യു , ഡെപ്യൂട്ടി മാനേജർ ജീവൻ പ്രകാശിനും, ഡോക്ടർ തോമസ് കോശിയ്ക്കും നന്ദി രേഖപ്പെടുത്തുന്നു .



**അഭിനന്ദനങ്ങൾ!!**

ജനറൽ മാനേജർ ആയി പ്രൊമോഷൻ ലഭിച്ച കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ജയതീർത്ഥ. വി. ജൈനാപൂരിനും ഡെപ്യൂട്ടി ജനറൽ മാനേജർ ആയി സ്ഥാനക്കയറ്റം ലഭിച്ച പാലാ റീജിയണൽ മാനേജർ ശ്രി.ജോബി ജോസിനും അഭിനന്ദനങ്ങൾ!




## സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ.രാജീവന് ജന്മദിനാശംസകൾ



11/04/2020-ാം തിയതി ജന്മദിനമാഘോഷിച്ച സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ.രാജീവിന് പിറന്നാളാശംസകൾ!!.



**റിവേഴ്സ് റിപ്പൊ നിരക്ക് 0.25 % കുറച്ച് റിസർവ് ബാങ്ക്**

# റിവേഴ്സ് റിപ്പൊ നിരക്ക് കാൽ ശതമാനം കുറച്ച് റിസർവ് ബാങ്ക്

കൊവിഡ് 19 അടച്ചിടലിന്റെ സാഹചര്യത്തിൽ സമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുന്നതിനായി പുതിയ പാക്കേജുകളുമായി റിസർവ് ബാങ്കിന്റെ സമയോചിതമായ ഇടപെടൽ.

- റിവേഴ്സ് റിപ്പൊ നിരക്ക് 0.25 % കുറച്ച് **3.75%** ആക്കി. റിവേഴ്സ് റിപ്പൊ ബാങ്കുകൾ യിൽ നിക്ഷേപിക്കുന്ന തുകക്ക് ആർ.ബി.ഐ. നല്കുന്ന പലിശയാണ് റിവേഴ്സ് റിപ്പൊ നിരക്ക്.
- സംസ്ഥാനങ്ങൾക്ക് അടിയന്തിരാവശ്യങ്ങൾക്ക് എടുക്കാവുന്ന വായ്പ്പയുടെ പരിധി **30%** വർദ്ധിപ്പിച്ചു.
- ഷെഡ്യൂൾഡ് ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും ലാഭ വീത വിതരണം മരവിപ്പിച്ചു.
- ലോംഗ് ടേം റിപ്പൊ ഓപ്പറേഷൻ’ (എൽ.ടി.ആർ.ഒ.2.0) വഴി വിപണിയിലേയ്ക്ക് 50,000 കോടി രൂപ കൂടി ആർ.ബി.ഐ. ലഭ്യമാക്കും ( വാണിജ്യ ബാങ്കുകൾക്ക് റിപ്പൊ റേറ്റ് നിരക്കിൽ ഒന്ന് മുതൽ മൂന്ന് വർഷം വരെ കാലയളവ് നല്കി കൊടുക്കുന്ന ദീർഘ കാല വായ്പയാണിത്. സർക്കാർ സെക്യൂരിറ്റീസിന്റെ ഈടിന്മേലാണ് വായ്പ്പ നല്കുന്നത്.)
- എൽ.സി.ആർ. (ലികിഡിറ്റി കവറേജ് റേഷ്യോ) 100 ശതമാനത്തിൽ നിന്ന് 50% ആയി കുറച്ചു.
- എൻ.പി.എ. കണക്കാക്കുന്നതിനുള്ള സമയ പരിധി 90 ദിവസമെന്നത് 180 ദിവസം ആക്കി.

ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ പ്രതിസന്ധിയിലായതിന്റെ പ്രധാന കാരണം ഉപഭോഗം കുറയുന്നതാണെന്നാണ് വിലയിരുത്തുന്നത്. ഇതിനുള്ള പരിഹാരം എന്ന നിലയിൽ കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ പണം വാണിജ്യ ബാങ്കുകൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്.



മുതിർന്നവർക്ക് വാതിൽപ്പടി സേവനം; ബാങ്കുകൾക്ക് ആർ.ബി.ഐ സമയം നിശ്ചയിച്ചു

കെ. പരമേശ്വരൻ

തൃശൂർ: എഴുപതിന് മുകളിലുള്ള പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വാതിൽപ്പടി സേവനം എത്തിക്കുന്നതിൽ നേരത്തെയുള്ള ഉത്തരവ് ബാങ്കുകൾ ഏപ്രിൽ 30നകം പാലിക്കണമെന്ന് റിസർവ് ബാങ്ക്. ഗ്രാമീണ ബാങ്കുകൾ അടക്കമുള്ള വാണിജ്യ ബാങ്കുകൾക്കും പെയ്മെന്റ് - സ്മാൾ ഫിനാൻസ്-ചെറുകിട സ്വകാര്യ ബാങ്കുകൾക്കുമായി (ലോക്കൽ ഏരിയ ബാങ്ക്) പുറപ്പെടുവിച്ച പുതിയ ഉത്തരവിലാണ് ആർ.ബി.ഐയുടെ സമയ നിബന്ധന. 2017 നവംബറിൽ പുറപ്പെടുവിച്ച ഉത്തരവ് പല ബാങ്കുകളും കൃത്യമായി പാലിക്കാത്ത സാഹചര്യത്തിലാണ് പുതിയ ഉത്തരവ്.

രാജ്യമാകെ ഈ സേവനം ലഭ്യമാക്കണമെന്നാണ് നിർദേശം. ഏതെല്ലാം സ്ഥലങ്ങളിൽ/ശാഖകളിൽ സേവനം ലഭ്യമാകുമെന്ന് ബാങ്കുകളുടെ ബോർഡ് അംഗീകരിച്ച് പരസ്യപ്പെടുത്തണം. വാതിൽപ്പടി സേവനം നൽകുന്ന ശാഖകളുടെ പട്ടിക ബാങ്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. ഇടക്ക് പരിഷ്കരിക്കണം. ജനങ്ങൾക്കിടയിൽ അവബോധ പ്രചാരണം നടത്തണം. ഈടാക്കുന്ന സേവന നിരക്കും വെബ്സൈറ്റിലും ബ്രോഷറിലും കാണിക്കണം. ഇക്കാര്യത്തിലെ പുരോഗതി മൂന്ന് മാസം കൂടുമ്പോൾ ഓരോ ബാങ്കും ബോർഡിലെ കസ്റ്റമർ സർവീസ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യണമെന്നും ഈ നിർദേശങ്ങൾ ഏപ്രിൽ 30നകം നിർബന്ധമായും പാലിക്കണമെന്നും ആർ.ബി.ഐ ആവശ്യപ്പെട്ടിട്ടുണ്ട്. 2017 ഡിസംബറോടെ വാതിൽപ്പടി സേവനം എത്തിക്കണമെന്ന നിർദേശം ബാങ്കുകൾ പല കാരണങ്ങളാൽ പരിഗണിക്കാതിരിക്കെയാണ് പുതുക്കിയ നിർദേശം ഇറങ്ങിയത്.

## സാമ്പത്തിക വർഷം 30.06.2020 വരെ നീട്ടി ആർ.ബി.ഐ.

കോവിഡ് 19 കാലത്ത് എല്ലാ ഓഫീസുകളും ധനകാര്യ സ്ഥാപനങ്ങളും അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ സാമ്പത്തിക വർഷം ഈ വർഷം 30.06.2020 വരെ നീട്ടിക്കൊണ്ട് ഉത്തരവിറക്കി. അടുത്ത സാമ്പത്തിക വർഷം ജൂലൈ ഒന്നാം തിയതി തുടങ്ങും. അവസാനിക്കുന്നത് 2021 മാർച്ച് 31 നായിരിക്കും.

## സ്റ്റേറ്റ് ബാങ്ക് സേവിംഗ്സ് ബാങ്ക് പലിശ നിരക്ക് 2.75% ആക്കി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സേവിംഗ്സ് ബാങ്ക് പലിശ നിരക്ക് 25 ബേസിസ് പോയിന്റ് കുറച്ച് 2.75% ആക്കി. ഇതോടൊപ്പം എം.സി.എൽ.ആർ. (Marginal Cost-Based Lending Rates) 35 ബേസിസ് പോയിന്റ്* കുറച്ച് എല്ലാത്തരം വായ്പ്പകൾക്കും ബാധകമാക്കി. ഇത് ഏപ്രിൽ മാസം 15–ാം

തിയതി മുതൽ നിലവിൽ വരും. എല്ലാ വായ്പകൾക്കും പലിശ നിരക്ക് കുറയും.

(*1 basis points/bps = 0.01 per cent).

# രാജ്യത്തിന്റെ റേറ്റിംഗ് കുറച്ച് ഫിച്ച് റേറ്റിങ്ങ് സർവീസസ്

കൊവിഡ് 19 അടച്ചിടലിന്റെ പശ്ചാത്തലത്തിൽ സ്വകാര്യ ഉപഭോഗം കുറയുമെന്ന അനുമാനത്തിൽ 2020–21 സമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജി.ഡി.പി. വളർച്ച 1.8% മാത്രമായിരിക്കുമെന്ന് പ്രവചിച്ച് ഫിച്ച് റേറ്റിങ്ങ് സർവീസസ്. ലോകത്തെ പ്രമുഖ റേറ്റിങ്ങ് ഏജൻസിയായ ഫിച്ച് റേറ്റിങ്ങ് സെർവീസസ് (Fitch) ചൈനയുടെ വളർച്ചാനിരക്ക് 1.1% ആയി കുറയുമെന്നും പ്രവചിക്കുന്നു.

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം മാറ്റിവച്ചു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസിയേഷന്റെ 2020 ഏപ്രിൽ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലം മേയ് മാസം ആദ്യ വാരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു.



പുതിയ തിയതി ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതായിരിക്കുമെന്ന് ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് അറിയിച്ചു. **കൊറോണയ്ക്കെതിരെ ജാഗരൂകരായിരിക്കുവാൻ അദ്ദേഹം അംഗങ്ങളോട് അഭ്യർത്ഥിച്ചു.**

## സംസ്ഥാന നേതാക്കളുടെ സംയുക്ത പ്രസ്താവന

പ്രവർത്തകരുടെ ശ്രദ്ധക്ക്

നമ്മുടെ ബാങ്കിന്റെ ചെയർമാൻ പെൻഷനേഴ്സ് കമ്മ്യൂണിറ്റിയോട് SBI ഫൌണ്ടേഷൻ covid - 19 റിലീഫ് ഫണ്ടിലേക്ക് സംഭാവന ചെയ്ത് രാജ്യം ഇന്ന് അഭിമുഖികരിക്കുന്ന വലിയ പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന് നമുക്ക് ആകാവുന്ന രീതിയിൽ സാമ്പത്തികമായി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടല്ലോ . അതിന്റെ ഭാഗമായി നമ്മുടെ ഒരു ദിവസത്തെ പെൻഷൻ അസോസിയേഷന്റെ അക്കൗണ്ടിലേക്ക് അയച്ചു നമുക്ക് ഓരോരുത്തർക്കും ഈ മഹത്തായ യജ്ഞത്തിൽ പങ്കാളികളാകാം. പണം നിക്ഷേപിക്കേണ്ട അക്കൗണ്ട് വിവരം താഴെ കൊടുത്തിരിക്കുന്നു

**SBI Pensioners' Association (Kerala) Account No. 10021921558 maintained at Elankulam Branch, Code: 18059, IFSC SBIN0018059, email: sbi.18059@sbi.co.in.** അയക്കുന്ന ആളിന്റെ മുഴുവൻ പേരും സ്ഥലവും വെയ്ക്കാൻ മറക്കരുതേ

**COVID-19 Relief Fund**

സമാഹരണ യജ്ഞത്തിന്റെ ഏപ്രിൽ 29 വരെയുള്ള കണക്ക്

**മൊത്തം തുക *₹ 20 ,14,653.00**

പങ്കാളികളായവർ

***1228 അംഗങ്ങൾ**

# എസ്.ബി.ഐ. യിൽ നിന്ന് ഏപ്രിൽ മാസത്തിൽ വിരമിക്കുന്നവർക്ക്

## എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ (കേരള) പ്രസിഡന്റും ജനറൽ സെക്രട്ടറിയും യാത്രാ മംഗളങ്ങൾ നേരുന്നു

"ഏപ്രിൽ മാസാവസാനത്തിലേക്ക് ഓടിയെത്തുകയാണെല്ലാവരും. ഔദ്യോഗിക കാലാവധി പൂർത്തിയാക്കി മുപ്പതാം തീയതി സ്റ്റേറ്റ് ബാങ്കിന്റെ പടിയിറങ്ങാൻ തയ്യാറെടുക്കുന്നു.
തിരുവനന്തപുരം സർക്കിളിൽ നിന്ന് 72 പേരാണ്

വിരമിക്കുന്നത്. ഒരു നീണ്ട കാലയളവിലെ പ്രവർത്തനത്തിനിടയിൽ സ്വരുക്കൂട്ടിയ പ്രവർത്തന നേട്ടങ്ങളും സൗഹൃദവും കലവറയില്ലാതെ അനുസ്മരിച്ച് , പരസ്പരം നന്ദിപറഞ്ഞ് യാത്രയാക്കുന്നതായിരുന്നു നമ്മുടെ പതിവ് രീതി. രംഗബോധമില്ലാത്ത കൊറോണയുടെ വിളയാട്ടം എല്ലാത്തരം പതിവ് ശീലങ്ങളേയും മാറ്റി വെയ്ക്കാൻ നമ്മെ നിർബന്ധിക്കുന്നു. കഴിഞ്ഞ മാസം തൊട്ടു ഇതാണ് നമ്മിലടിച്ചേൽപ്പിച്ച തീകച്ചും ദു:ഖകരമായ അവസ്ഥ. ലോക് ഡൗൺ നിബന്ധനകളും സാമൂഹ്യ അകലം പാലിക്കലും ആൾക്കൂട്ടനിരോധങ്ങളും. എല്ലാം എല്ലാം പിരിഞ്ഞ് പോവുന്ന നമ്മുടെ പ്രിയപ്പെട്ട സുഹൃത്തുക്കളിലേക്കുള്ള നമ്മുടെ സാമീപ്യംപോലും നിഷേധിക്കുന്നു. ആയതിനാൽ അകലങ്ങളിൽ നിന്ന് യാത്രാ മംഗളങ്ങളും ആശംസകളും നേരുന്നു. ബാങ്കിന്റെ സർവീസിൽ നിന്ന് പിരിഞ്ഞു പോവുന്ന നിങ്ങളെ എല്ലാവരെയും സന്തുഷ്ടവും സംതൃപ്തവും സുദീർഘവുമായ റിട്ടയർ മെന്റ് ദിനങ്ങൾ ആശംസിക്കുന്നതോടൊപ്പം തന്നെ ഈ മഹത്തായ സംഘടനയിലേക്ക്ഹാർദ്ദവമായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

സ്നേഹത്തോടെ
കെ രാജീവൻ, പ്രസിഡന്റ്
എ ജയകുമാർ, ജനറൽ സെക്രട്ടറി
എസ് ബി ഐ പെൻഷൻനേഴ്സ് അസോസിയേഷൻ കേരള

## 2020 ഏപ്രിൽ മാസം എസ്.ബി.ഐ. യിൽ നിന്നും പടിയിറങ്ങുന്ന കോട്ടയം ജില്ലക്കാർ

1) Sri. Moncey V. E. AGM, SMECC, Kottayam Mob 9447783484
2) Smt.Saly.E.P. General Attendant Pallickathodu Branch:Mob9495381633
3) Sri.Cherian Varghese, BM Kalathipady Branch Mob: 9447132132

## ആശംസകൾ!!

എസ് ബി ഐ പെൻഷൻനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ എല്ലാ ആശംസകളും നേരുന്നു. നേരിൽ കണ്ട് യാത്രയാക്കാനാകാത്തതിൽ ഖേദിക്കുന്നു. ആയുരാരോഗ്യസൌഖ്യങ്ങളോടെ സുദീർഘമായൊരു റിട്ടയർമെന്റ് ജീവിതം ഉണ്ടാകട്ടെയെന്ന് സർവാത്മനാ ആശംസിക്കുന്നു.
എം. ജീ. രാഘവൻ, ജില്ലാ പ്രസിഡന്റ്
പി .എം. ജേക്കബ്, ജില്ല സെക്രട്ടറി
മാത്യു അടക്കമുണ്ടക്കൽ ഡെ. ജനറൽ സെക്രട്ടറി

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം മാറ്റിവച്ചു

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഏപ്രിൽ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം മേയ് മാസം ആദ്യ വാരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. പുതിയ തിയതി ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറക്ക് അറിയിക്കുന്നതാ യിരിക്കും.

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്.

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും ര ും കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുകയാണ്. വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# കോവിഡ് 19ന്റെ വിഷമകാലത്ത് ബാങ്കിന്റെ ഒരു കൈ സഹായം



തിരുവനന്തപുരത്ത് നിന്നം 54 കി.മീ. ദൂരെ ചാത്തന്നൂരിൽ താമസിക്കുന്ന പെൻഷണറായ ശ്രീ. കരുണാകരന് ഫയർ & റെസ്ക്യൂ സർവീസസിന്റെ സഹായത്തോടെ സ്റ്റേറ്റ് ബാങ്ക് എൽ.എച്ച്.ഒ. ഡിസ്പെൻസറിയിൽ നിന്നും അത്യാവശ്യ മരുന്നെത്തിച്ചു കൊടുക്കുന്ന തിനായി തിരുവനന്തപുരം സ്റ്റേഷൻ ഓഫീസർ ശ്രീ.സി.അശോക് കുമാർ വശം മരുന്ന് കൈമാറുന്ന ജനറൽ സെക്രട്ടറി ശ്രീ.എ. ജയ കുമാറും ഡെ. ജനറൽ സെക്രട്ടറി ശ്രീ.പി. സുരേന്ദ്രനാഥ് ഭാസും

# രോഗികളായ പെൻഷൻകാർ നേരിടുന്ന ഗുരുതര പ്രതിസന്ധി മറികടക്കാൻ സഹായ ഹസ്തവുമായി സ്റ്റേറ്റ് ബാങ്ക്

സ്റ്റേറ്റ് ബാങ്കിന്റെ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിന്റെ സഹകരണത്തോടെ കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ നിയന്ത്രണങ്ങൾ മൂലം വിഷമിക്കുന്ന നമ്മുടെ വയോധികരായ അംഗങ്ങൾക്ക് വീടുകളിൽ മരുന്നെത്തിക്കുന്നതിനുള്ള തിരുവനന്തപുരം എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷൻ സംസ്ഥാന ഭാരവാഹികളുടെ മാതൃ കാപരമായ പ്രയത്നം അക്ഷരാർത്ഥത്തിൽ വലിയ അശ്വാസമായി.

ബാങ്കിന്റെ എച്. ആർ. ഡിപ്പാർട്ട് മെന്റിനും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേ ഷനും അഭിനന്ദനങ്ങൾ.



അംഗങ്ങൾക്ക് വീടുകളിൽ മരുന്നെത്തി ക്കുന്നതിനുള്ള ഭാരവാഹികളുടെ ശ്രമങ്ങൾക്ക് നേതൃത്വം നല്കുന്ന സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ

നമ്മുടെ ജനറൽ സെക്രട്ടറി ശ്രീ ജയകുമാറിന്റെ അവ സരോചിതമായ ഇടപെടലും തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിന്റെ അധിപൻ, ചീഫ് ജനറൽ മാനേജർ ശ്രീ.മൃഗേന്ദ്ര ലാൽ ദാസ്സ് എടുത്ത അനുഭാവ പൂർണമായ സമീപനവും കൊണ്ടാണ് ഇത് സാദ്ധ്യമായത്.




ചിത്രത്തിൽ മരുന്ന് വിതരണം നിർവഹിക്കുന്ന ഡെ. ജനറൽ സെക്രട്ടറി ശ്രീ.പി.സുരേന്ദ്രനാഥ് ഭാസ്.



കോവിഡ് 19 കാലത്ത് ചിലർക്കൊക്കെ പണി കിട്ടി. നമ്മുടെ എറണാകുളം ഡെ.ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പാലക്കനും പണി കിട്ടി!!




## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കേരളത്തിന് പ്രശംസനീയമായ നേട്ടങ്ങൾ




## മംഗളാശംസകൾ

# അനുമോദനങ്ങൾ!!

## സമൂഹത്തിന് മാതൃകയായി എസ്.ബി.ഐ. എ.ജി.എം (റിട്ട.) എ.വി.സുരേഷ് ബാബുവും ഭാര്യ ഭാഗ്യവും.



**മനോരമ ദിനപ്പത്രത്തിൽ വന്ന വാർത്ത.**

## പച്ചക്കറി സ്വയം പര്യാപ്തം സുരേഷ് ബാബുവിന്റെ വീട്

പള്ളിക്കുന്ന് അംബികാ റോഡിന് സമീപം 15 സെന്റ് സ്ഥലത്താണ് "സൌഭാഗ്യം" എന്ന വീട്. എസ്.ബി.റ്റി. റീജിയണൽ മാനേജരായി വിരമിച്ച എ.വി.സുരേഷ്ബാബുവും ഭാര്യ ഭാഗ്യവും വീടിന്റെ പരിസരമാകെ കൃഷികൊണ്ട് നിറച്ചു കഴിഞ്ഞു. ചെന്നൈയിൽ പോയി വന്നതിന് ശേഷമുള്ള നാട്ടിലെ നിരീക്ഷണ കാലം മുഴുവൻ ഒരിക്കലും പുറത്തിറങ്ങാതെ സുഭിക്ഷമായി കഴിയാനുള്ളതെല്ലാം പറമ്പിൽ നിന്ന് തന്നെ കിട്ടിയെന്ന് സുരേഷ് ബാബു പറയുന്നു.

എ.വി.സുരേഷ് ബാബു എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റിന്റെ വൈസ് പ്രസിഡന്റാണ്. അദ്ദേഹത്തിന്റെ മാതൃകാപരമായ ഉദ്യമങ്ങൾക്ക് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആശംസകൾ. സമൂഹത്തിന് മാതൃകയായി മാദ്ധ്യമശ്രദ്ധയിൽ വരുവാനിടയായതിന് അനുമോദനങ്ങൾ!

## അച്ഛനമ്മമാരെ അകറ്ററുതു്.

### പി. പി. ഫിലിപ്പ്

ആധുനിക ലോക ചരിത്രത്തിലെ അതിനൂതനാനുഭവമായ കോവിഡ് കാല ജീവിതം മനുജകുലത്തിനു അപൂർവമായ ചില അനുഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. അത് മനസ്സിലാക്കുന്നവർ ചുരുക്കമായിരിക്കാം.

മനുഷ്യന്റെ മനശാസ്ത്ര/ബുദ്ധിപരമായ മേഖലകളിൽ വിപ്ലവകരമായ അനുഭവങ്ങൾ ഈ കോവിഡു കാലം നൽകുന്നു. ഈ പശ്ചാത്തലത്തിൽ ഈയിടെ ചില മനശാസ്ത്ര വിശാരദന്മാരുടെ പഠനങ്ങളും നിരീക്ഷണങ്ങളും സോഷ്യൽ മീഡിയകളിലൂടെ പുറത്തേക്കു വരുന്നുണ്ട്.

ന്യൂജൻ ജനതയുടെ മുഖമുദ്രയായ "അവനവനിശം" വളർത്താൻ ചില പരിശ്രമങ്ങൾ ഇതിനിടയിൽ കാണാൻ ഇടയായി.

അണുകുടുംബങ്ങളാണു അഭിലഷണീയം, മാതാപിതാക്കൾ , മക്കൾ കുടുംബ ജീവിതം തുടങ്ങിയാൽ ഉടൻ വേർപെട്ടു മാറണം, തുടങ്ങിയ ചില സിദ്ധാന്തങ്ങൾ അടുത്തയിട വായിക്കാനിടയായി. ഈ ആശയത്തെക്കുറിച്ചു അല്പമായി പ്രതികരിക്കുകയാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

വിവാഹാനന്തരം ഉടനെ തന്നെ അണുകുടുംബമെന്നതു ചില സാഹചര്യങ്ങളിൽ ഒരു 'നെസസ്സറി ഈവിൾ ' മാത്രമാണു്. അനുവർത്തിക്കേണ്ട ഒരു ആദരണീയ നടപടി അല്ല . സാമൂഹ്യ ജീവിയായ മനുഷ്യന്റെ അടിസ്ഥാന ഘടകം കുടുംബമാണെങ്കിൽ ഒരു കുടുംബത്തിൽ മൂന്നു തലമുറ കുടുംബാംഗങ്ങൾ ഉണ്ടാവുകയാണു അഭിലഷണീയം.

എന്നു പറഞ്ഞാൽ ഒരു മുത്തച്ഛനും മുത്തശ്ശിയും അവരുടെ ഒരു സന്തതിയും ആ സന്തതിയുടെ സന്താനങ്ങളും! സമീകൃത കുടുംബം എന്നു പറയാവുന്നത് അത്തരമൊരു ഘടനയുള്ള കുടുംബമാണ്.



കുടുംബ ജീവിതത്തിലെ ആരോഗ്യകരമായ കൊടുക്കൽ വാങ്ങലുകൾ (give and take) നടക്കുന്നതു അത്തരം കുടുംബങ്ങളിലാണ്. അല്പം ത്യാഗങ്ങൾ സഹിച്ചാണെങ്കിലും അത്തരമൊരു കുടുംബം നിലനിറുത്താൻ കഴിയുന്നതു ഒരു ഈശ്വരാനുഗ്രഹം തന്നെയാണ്. ഒന്നാം തലമുറയും മൂന്നാം തലമുറയും കുറേ കാലത്തേക്കെങ്കിലും ഒരുമിച്ചു കഴിയുന്നതു വ്യക്തികളുടെ ആത്മബന്ധം വളർത്താനും സുരക്ഷിതത്വബോധം ബലപ്പെടുത്താനും ഏറെ

ഉപകരിക്കും. നൂറ്റാണ്ടുകളുടെ അനുഭവം ഇതു സാക്ഷ്യപ്പെടുത്തുന്നു. ഇതിനു ക്ഷമയും സഹന മനോഭാവവും കുടുംബ സ്നേഹവും വലിയതോതിൽ ആവശ്യമാണു. ഇതൊരു പാരമ്പര്യഗുണവുമാണ് . അനുദിന കുടുംബ ജീവിതത്തിൽ ഈ ഗുണങ്ങൾ പ്രദർശിപ്പിക്കാൻ കഴിയാത്തവർ , പുത്തൻ കൗൺസലിങ്ങുകാർ ഉപദേശിക്കും വണ്ണം, വിവാഹ പിറ്റേന്നു തന്നെ ചട്ടിയും കലവും പായും തലയിണയും വേറെ കരുതുന്നതാണു നല്ലത്.

കൊറോണ മരണങ്ങൾ, മനസ്സിൽ ഏകാന്തത തളം കെട്ടിയ വൃദ്ധരെ പെട്ടെന്നു പിടികൂടുന്നതായി ധാരാളം വാട്ട്സാപ് മെസേജകൾ കാണുകയുണ്ടായി ചില നാടുകളിൽ വൃദ്ധജനങ്ങൾക്ക് ആരോടും ആത്മബന്ധമില്ലാത്ത തിരിച്ചും വ്യവസ്ഥിതിയാണു നിലനിൽക്കുന്നതു. അവിടങ്ങളിൽ ഇത്തരം കൊറോണാ മഹാമാരിക്കാലം , യൗവനത്തിൽ മറ്റുള്ളവർക്കു വേണ്ടി ഉരുകി തീർന്നവരെ ഉപേക്ഷിച്ചുകളഞ്ഞില്ലെങ്കിലേ അതിശയമുള്ളൂ !

വാർദ്ധക്യ കാലത്ത് കൊച്ചുമക്കളോടു ശക്തമായ സ്നേഹാഭിമുഖ്യമുള്ള വൃദ്ധ ജനങ്ങൾ സാധാരണ രോഗങ്ങളെ ചെറുത്തു നിറുത്താൻ മനോബലം ആർജിക്കുന്നുണ്ട്. ജീവിക്കുന്നതിലെ ' രസം' അവർ അറിയുന്നുണ്ട് . ഭക്ഷണത്തിൽ ഉപ്പുരസം എന്ന മട്ടിലാണ് ജീവിതാനുഭവങ്ങളിൽ ഇവരുടെ സാന്നിദ്ധ്യം. ഇവരെ വേണ്ടാത്ത സമൂഹങ്ങൾക്ക് ഇത് അത്ര പ്രധാന കാര്യമാകാനിടയില്ല. ഭാരതീയ സംസ്കാരം ഇനിയും ആ നിലയിലേക്കു വീണിട്ടില്ല.

അതുകൊണ്ട് അണുകുടുംബങ്ങൾ അറിവും, ആരോഗ്യവും അനുഭവവുള്ള അച്ഛനമ്മമാരെ അകറ്റാതിരിക്കുന്നതു തന്നെ നല്ലത് .

## മനുഷ്യർ പണമില്ലാതെ (കറൻസി) ജീവിച്ചിരുന്ന കാലം

കറൻസി കണ്ടു പിടിക്കുന്നതിനു മുമ്പുള്ള ബാർട്ടർ യുഗത്തേക്കുറിച്ചല്ല കുഞ്ഞുങ്ങളെ , പറയുന്നത്. ഈ അടുത്ത കാലം വരെ, എന്നു വച്ചാൽ ' 1950 കൾ വരെ കൈയ്യിൽ പണമില്ലാതെ തന്നെ നമ്മുടെ ഈ ഐശ്വര്യ കേരളത്തിൽ ആർക്കും ജീവിക്കാൻ കഴിയുമായിരുന്നു . ജീവിക്കുവാൻ വേണ്ടി പണം കൊടുത്തു വാങ്ങേണ്ടിയിരുന്ന സാധനങ്ങൾ വിരളമായിരുന്നു അന്ന്.

വായു , വെള്ളം , ഒരു പരിധി വരെ ആഹാരവും അന്നൊക്കെ ആർക്കും എവിടെ നിന്നും എടുത്ത് ഉപയോഗിക്കാമായിരുന്നു. പണം കൊടുത്ത് വെള്ളം വാങ്ങി കുടിക്കേണ്ടി വരുന്ന ഒരു കാലത്തേ കുറിച്ച് 50 വർഷം മുമ്പുള്ള മനുഷ്യൻ സ്വപ്നം കണ്ടിട്ടില്ല. വിശക്കുന്ന മനുഷ്യർ ഭക്ഷണസമയത്ത് ഏത് അയൽ വീട്ടിൽ കയറി ചെന്നാലും ഭക്ഷണം തീർച്ചയായും കിട്ടുമായിരുന്നു. ചിലർ ഭക്ഷണം കിട്ടണം എന്ന ലക്ഷ്യത്തിൽ എന്തെങ്കിലും അടുക്കള പണിയൊ കന്നുകാലി ശുശ്രൂഷയോ ചെയ്തു കൊടുക്കും. പണിതീരുമ്പോൾ വയറു നിറയെ ആഹാരവും വീട്ടിലുള്ള കുഞ്ഞുക്കൾക്കുള്ള ആഹാരം കൊണ്ടു പോകാനും കിട്ടുമായിരുന്നു. 1950 കളിലും അതിനു മുമ്പും പണം ഇല്ലാതിരുന്നതുകൊണ്ടു വിശക്കുകയോ ദാഹിക്കുകയോ ചെയ്യേണ്ടി വന്ന മനഷ്യർ ഇല്ലാതിരുന്ന ഒരു നാടായിരുന്നു നമ്മുടേത്. രണ്ടു പേർക്കു കഴിക്കാനുള്ള ആഹാരം വീട്ടിൽ എപ്പോഴും ശേഷിച്ചിരിക്കണമെന്ന് അമ്മമാർക്ക് നിർബന്ധമുണ്ടായിരുന്നു. ചോറു കലം കഴുകി കമഴ്ത്തി വയ്ക്കുന്നത് ഐശ്വര്യമല്ല പോലും..

അന്നു പ്രതിഫലമായി മനുഷ്യർക്ക് വേണ്ടിയിരുന്നത് പണമല്ലായിരുന്നു.പ്രതിഫലമായി കൊടുക്കാൻ ആരുടെ കൈയ്യിലും പണമില്ലായിരുന്നു. പ്രതിഫലമെല്ലാം കാർഷികവിഭവങ്ങൾ തന്നെ ആയിരുന്നു. കൂലിയായി നെല്ല്, അരി, കപ്പ, കരുമുളക്, ഇഞ്ചി ഇത്തരം സാധനങ്ങൾ തന്നെ കൊടുക്കുകയായിരുന്നു. ഇന്നത്തെ ഓൺലൈൻ വ്യാപാരത്തേക്കാൾ മെചപ്പെട്ട, 'ഡോർ ഡെലിവറി ' സിസ്റ്റം അന്നുണ്ടായിരുന്നു വീട്ടിൽ വേണ്ട എല്ലാ സാധനങ്ങളും ചട്ടി, കലം, പണിയായുധങ്ങൾ മീൻ ....... എല്ലാം തലച്ചുമടായി വീട്ടിൽ എത്തുമായിരുന്നു. മാംസം കഴിക്കാൻ മാത്രം കോഴി, മുയൽ, പന്നി കന്നുകാലി കിടാങ്ങൾ എല്ലാം വീടുകളിൽ തന്നെ സുലഭമായി ഉണ്ടായിരുന്നു. ഒരു കോഴി കൊല ഒരോ വീട്ടിലും ഒരു മേള തന്നെ ആയിരുന്നു . അന്നു കൂലിക്കു കൊടുത്തിരുന്നത് പണമല്ലായിരുന്നു. വിവിധ കാർഷികവിഭവങ്ങൾ തന്നെയായിരുന്നു. കർഷകർ ചന്തയ്ക്കു പോയിരുന്നത് ഒന്നും വാങ്ങാനല്ലായിരുന്നു വില്ക്കാനായിരുന്നു. ചന്തയിൽ നിന്നും വിലയായി അല്പം പണം കിട്ടിയേക്കും. നല്ല (തല) ചുമട്ടുകാർ എന്നൊരു വിഭാഗം പണിക്കാർ തന്നെ അന്നുണ്ടായിരുന്നു.

അരിയും നെല്ലും കപ്പയും വിത്തിനങ്ങളും, എന്തിനു കന്നുകാലി തിന്നേണ്ട വൈക്കോൽ വരെ അയൽ വീട്ടുകാർ തമ്മിലോ ബന്ധുക്കൾ തമ്മിലൊ വായ്പ വാങ്ങുകയാണ് പതിവ്... വിസ്താര ഭയത്താൽ നീട്ടുന്നില്ല . ചക്രം പോയി അണ വന്നു അണ പൊയി പൈസ വന്നു.. പൈസയുടെ വരവു വരെ നമ്മുടെ പൂർവികർക്ക് ഒരു പൈസ കൈയ്യിലില്ലാതെ വീടുകളിൽ സുഖമായി കഴിയാൻ പറ്റുമായിരുന്നു. പാവങ്ങൾ ആണെങ്കിൽ പോലും...

ഇന്നു 60 വയസെത്തിയവർക്കു വരെ ഇതു നന്നായി മനസിലാവും.. അവർക്ക് ഒരുപാട് ഓർമ്മകൾ വരും... പുന്നാര കൊച്ചു മക്കൾക്ക് ഇതു നമുക്ക് പറഞ്ഞു കൊടുക്കേണ്ടേ... ?

# കോട്ടയം
# ഒരുപാട് സവിശേഷതകൾ നിറഞ്ഞ നാട്

## രാധാകൃഷ്ണൻ പുല്ലഞ്ചേരി



രാധാകൃഷ്ണൻ പുല്ലഞ്ചേരി, പാലക്കാട് ജില്ലാ സെക്രട്ടറിയാണ്.

കൊവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾക്കിടയിൽ കൈവന്ന കേരളത്തിലെ ആദ്യത്തെ ഹരിത മേഖലയെന്ന വിശേഷണത്തിന് കോട്ടയം അർഹത നേടിയപ്പോൾ ഉ ായ ചില ചിന്തകളാണ് താഴെ.

കോട്ടയുടെ അകം എന്നർത്ഥം വരുന്ന ''കോട്ടയകം'' എന്ന പദത്തിൽ നിന്നാണ് കോട്ടയം എന്ന പേരിന്റെ ഉത്ഭവം. കോട്ടയം പട്ടണത്തിലെ പഴയ ജനപദങ്ങളിലൊന്നായ ''താഴത്തങ്ങാടി'' പണ്ട് മഞ്ചുനാട്, തെക്കുംകൂർ എന്നീ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്നു. പുരാതന കോട്ടകൊത്തളങ്ങളുടെയും കൊട്ടാരങ്ങളുടെയും ജീർണ്ണാവശിഷ്ടങ്ങൾ കാണുന്ന 'കോട്ടവാതിൽ' എന്ന സ്ഥലവും ഇവിടെത്തന്നെയാണ്.

- കോട്ടയം പ്രത്യേക സവിശേഷതകളുള്ള ഒരു ദേശമാണ്. പശ്ചിമ ഘട്ടത്തിന്റെ കിഴക്കായും, വേമ്പനാട് കായലും നെൽപ്പാടങ്ങളും നിറഞ്ഞ കുട്ടനാട് പടിഞ്ഞാറായും സ്ഥിതി ചെയ്യുന്നു. കോട്ടയം ജില്ലക്കു മറ്റു സംസ്ഥാനങ്ങളുമായോ അറബികടലുമായോ അതിർത്തികളില്ല .
- കൊവിഡ് 19 വ്യാപനത്തിന് ശേഷം കോട്ടയമാണ് കേരളത്തിൽ ആദ്യമായി കോറോണോ വിമുക്ത ജില്ലയായി പ്രഖ്യാപിക്കപ്പെട്ടത്.
- സാഹിത്യ ലോകത്തിനും പുസ്തക പ്രകാശന മേഖലകളിലും നേടിയ സംഭാവനകൾ പരിഗണിച്ചു കോട്ടയം നഗരം 'അക്ഷര നഗരി' എന്ന നാമധേയത്തിലാണ് അറിയപ്പെടുന്നത് .
- ഈ നഗരം അക്ഷരങ്ങൾ, കായലുകൾ, റബ്ബർ എന്നിവയുടെ ദേശമായും അറിയപ്പെടുന്നു .

കോട്ടയത്തിനു ഒന്നാം സ്ഥാനം നേടിത്തരുന്നതിൽ തെഴെപ്പറയുന്ന കാര്യങ്ങൾ പ്രമുഖ പങ്കു വഹിക്കുന്നു.

1. ഇന്ത്യയിൽ കോട്ടയം മുൻസിപ്പാലിറ്റിയാണ് 1991ൽ നൂറു ശതമാനം സാക്ഷരത നേടിയതായി പ്രഖ്യാപിക്കപ്പെട്ടത്.
2. ദക്ഷിണേന്ത്യയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം പുരാതന സെമിത്തേരികളിൽ 1813 വർഷത്തിന്റെ തുടക്കത്തിൽത്തന്നെ ആരംഭിക്കുകയുണ്ടായി.
3. കേരളത്തിലെ ആദ്യത്തെ കോളേജ്, കോട്ടയത്തെ സി. എം. എസ്. കോളേജ്, 1840 ലാണ് പ്രവർത്തനം തുടങ്ങിയത്. പ്രസ്തുത കോളേജിൽ നിന്നായിരുന്നു "വിദ്യാസംഗ്രഹം" എന്ന സംസ്ഥാനത്തെ ആദ്യ കോളേജ് മാഗസിൻ 1840ൽ പ്രസാധനം ചെയ്തത്.
4. കോട്ടയം ചർച്ച് മിഷൻ സൊസൈറ്റിയുടെ വകയായ സ്കൂൾ ആയിരുന്നു കേരളത്തിൽ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ. പ്രവത്തനമാരംഭിച്ചതു 1821ൽ.
5. അമല ഡൊറോത്തിയ ബേക്കർ സ്ഥാപിച്ച ബേക്കർ മെമ്മോറിയൽ ഹൈസ്കൂൾ ആണ് കേരളത്തിലെ ഏറ്റവും പഴയ സ്കൂൾ ആയി അറിയപ്പെടുന്നത്.
6. കേരളത്തിലെ ആദ്യത്തെ അച്ചടിശാല റെവ. ബെഞ്ചമിൻ ബെയ്‌ലി 1821ലാണ് സ്ഥാപിച്ചത്.
7. യഥാക്രമം 1846ലും 1865ലും ആയിരുന്നു ആദ്യമായി ഇംഗ്ലീഷിലും മലയാളത്തിലും ഡിക്ഷണറികൾ കോട്ടയത്തു നിന്ന് പ്രസിദ്ധീകരിച്ചത്.
8. 1778ൽ ശ്രീ. പാറമേക്കൽ തോമാ കത്തനാർ ആയിരുന്നു കോട്ടയത്തു നിന്നും ആദ്യമായി 'വർത്തമാനപുസ്തകം' എന്ന മലയാളത്തിലെ ആദ്യത്തെ യാത്ര വിവരണം പ്രസിദ്ധീകരിച്ചത്.
9. മലയാളത്തിലെ ആദ്യ ജീവചരിത്ര പുസ്തകം പ്രസിദ്ധീകരിച്ചത് കോട്ടയത്തു നിന്ന് 1870ൽ ശ്രീ. വൈക്കം പാച്ചു മൂത്തത് ആയിരുന്നു.
10. ആദ്യത്തെ മലയാളം ബൈബിൾ പ്രസിദ്ധീകരിച്ചതും കോട്ടയത്ത് നിന്നായിരുന്നു .
11. 1945.ലാണ് പ്രസാധകരുടെയും എഴുത്തുകാരുടെയും കേരളത്തിലെ ആദ്യ സഹകരണ സംഘം (എസ് പി സി എസ്) കോട്ടയത്ത് സ്ഥാപിച്ചത്.
12. മലയാളത്തിലെ ആദ്യ ദിനപത്രമായ 'ദീപിക' കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചത് 1887ൽ ആയിരുന്നു .
13. കോട്ടയത്തു നിന്നുമാണ് കേരളത്തിലെ 80 ശതമാനം പുസ്തകങ്ങളും വാരികകളും പ്രസിദ്ധീകരിക്കുന്നത്.
14. കോട്ടയത്തു നിന്നാണ് പ്രധാനപ്പെട്ട പ്രസാധകരായ മലയാള മനോരമ പുബ്ലിക്കേഷൻസ്.

ഡി.സി. ബുക്ക്സ്, ലേബർ ഇന്ത്യ പുബ്ലിക്കേഷൻസ് ലിമിറ്റഡ്, മംഗളം പുബ്ലിക്കേഷൻസ്, വി പബ്ലിഷേഴ്സ് ,വിദ്യാർത്ഥി മിത്രം, അവന്തി പുബ്ലിക്കേഷൻസ് ,നാഷണൽ ബുക്ക് സ്റ്റാൾ, (എസ് പി സി എസ്) എന്നിവ പ്രവർത്തിക്കുന്നത്.

## ഐതിഹാസിക പ്രശസ്തി നേടിയ വരുടെ നാട്

**1.ശ്രീ. കെ ആർ നാരായണൻ.**

ഇന്ത്യൻ രാഷ്ട്രപതിയായ ആദ്യത്തെ കേരളീയ നായിരുന്ന ശ്രീ കെ. ആർ. നാരായണന്റെ ജന്മദേശം കോട്ടയം ജില്ല ആണ്.

2. ഇന്ത്യൻ ചീഫ് ജസ്റ്റിസ് ആയ ആദ്യത്തെ കേരളീയൻ ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ ജന്മദേശവും കോട്ടയം ജില്ല ആണ് .

ശ്രീ.കെ.ആർ നാരായണനും, ശ്രീ. കെ. ജി. ബാലകൃഷ്ണനും ഈ ഉന്നത പദവികളിൽ എത്തുന്ന ദളിത് വിഭാഗത്തിൽ പെട്ടവരാണെന്നത്, കോട്ടയം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ സൂചിപ്പിക്കുന്നു.

3. ഫിസിക്സിൽ പ്രശസ്തമായ തേർഡ് വേൾഡ് അക്കാദമി ഓഫ് സയൻസ് അവാർഡ് ജേതാവായ ഡോക്ടർ ഇ. സി. ജി. സുദർശൻ, ആറു തവണ നോബൽ പുരസ്കാരത്തിന് പരിഗണിക്കപ്പെട്ടതും ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ ജന്മദേശവും കോട്ടയം ആണ് .

4.പ്രശസ്ത നടനും മൂന്നു തവണ ഭാരത് അവാർഡ് ജേതാവുമായ ശ്രീ. മമ്മുട്ടിയുടെ ജന്മദേശവും കോട്ടയം ജില്ല ആണ്

5. ഇന്ത്യയിൽ ആദ്യമായി കത്തോലിക്ക സെയിന്റ് ആയി സ്ഥാനപട്ടം ലഭിച്ച സിസ്റ്റർ അൽഫോൻസാ യുടെ ജന്മദേശവും കോട്ടയം ആണ്

6.ലോക സൗന്ദര്യ മത്സരത്തിൽ ആദ്യത്തെ റണ്ണർ അപ്പ് ആയി പുരസ്കാരം ലഭിച്ച മിസ്.പാർവതി ഓമനക്കുട്ടന്റെ ജന്മദേശവും കോട്ടയം ആണ്

7. ഇന്ത്യയിൽ ആദ്യമായി ബുക്കർ പ്രൈസ് ജേതാവായ ശ്രീമതി. അരുന്ധതി റോയി യുടെ ജന്മദേശവും കോട്ടയം ആണ്.

9. ഇന്ത്യയിൽ ആദ്യത്തെ പരിസ്ഥിതി സൗഹൃദ നഗരമായി മാറ്റുന്നതിനായി പ്രഖ്യാപിക്കപ്പെട്ടതും കോട്ടയം ആയിരുന്നു

10. കേരളത്തിലെ മുഖ്യമന്ത്രിമാരായായിരുന്ന ശ്രീ. എ.ജെ.ജോണും, ശ്രീ. പി. കെ. വാസുദേവൻ നായരും, ശ്രീ ഉമ്മൻചാണ്ടിയും കോട്ടയം സ്വദേശികളാണ്.

11. പ്രശസ്ത എഴുത്തുകാരായ രാമപുരത്തെ രാമ വാരിയർ, കൊട്ടാരത്തിൽ ശങ്കുണ്ണി മേനോൻ, വൈക്കം മുഹമ്മദ് ബഷീർ എന്നിവർ കോട്ടയം സ്വദേശികൾ ആയിരുന്നു . പ്രശസ്തരായ അഷ്ട വൈദ്യ പരമ്പര കുടുംബാംഗങ്ങളുടെ ജന്മദേശവും കോട്ടയം ആണ് .

12. പ്രശസ്ത തീർത്ഥാടന കേന്ദ്രങ്ങളായ ശബരിമല, മണർകാട് പള്ളി, ,പുതുപ്പള്ളി ദേവാലയം, ,അരുവിത്തറ പള്ളി , ഭരണങ്ങാനം അൽഫോൻസാ ദേവാലയം, പനച്ചിക്കാട് ക്ഷേത്രം, വൈക്കം ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, വെണ്ണിമാല ക്ഷേത്രം, എരുമേലി വാവർ പള്ളി എന്നിവ കോട്ടയം ജില്ലയിലാണ്.

13. കോട്ടയം "രണ്ടാമത്തെ വത്തിക്കാൻ"' എന്നപേരിൽ അറിയപ്പെടുന്നത്നു കാരണം ഏറ്റ വും കൂടുതൽ ക്രിസ്ത്യൻ പള്ളികളും, സെമിനാരി കളും, ബിഷപ്പ് ഹൗസും ഉള്ളത് കൊണ്ടാണ്.

## കായലുകളുടെ ദേശം

### 1.വേമ്പനാട് കായൽ.

കേരളത്തിലെ ഏറ്റവും വലിയ കായൽ ആയ വേമ്പനാട്കായാലിനു 1512 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുണ്ട്. അന്തർദേശിയ പ്രധാന്യമുള്ള ചതുപ്പു നിലങ്ങളായ റംസാർ കൺവെൻഷൻ കോട്ടയം ജില്ലയുടെ പടിഞ്ഞാറു ആയി സ്ഥിതി ചെയ്യുന്നു. പ്രധാന നദി കളായ അച്ചൻകോവിൽ ,പമ്പ, മീനച്ചിൽ, മുവാറ്റുപുഴ എന്നിവ ഒഴുകുന്നത് കോട്ടയം ജില്ലയിലൂടെയാണ്. പ്രശസ്തമായ പാതിരാമണൽ ദ്വീപു സ്ഥിതി ചെയ്യുന്നത് വേമ്പനാട് കായലിലാണ്.

2.നാഷണൽ ജോഗ്രഫിക് മാഗസിൻ ഏറ്റവും സൗന്ദര്യമുള്ള കേന്ദ്രങ്ങളായി പരിഗണിക്കുന്ന 15 സ്ഥലങ്ങളിൽ ഒന്നായ കുമരകം കോട്ടയത്തിന്റെ 14 കിലോമീറ്റർ അകലെയായി വേമ്പനാട് കായലിൽ സ്ഥിതി ചെയ്യുന്നു .

## 2. റബ്ബറിന്റെ നാട്

ഇന്ത്യയുടെ റബ്ബർ ഉദ്പാദനത്തിന്റെ 70 ശതമാന വും കേരളത്തിൽ നിന്നാണ്. അതിന്റെ വലിയൊരു ഭാഗവും ഉദ്പാദിപ്പിക്കുന്നതു കോട്ടയത്ത് നിന്നാണ്. അതുകൊണ്ടുതന്നെ പ്രധാനപ്പെട്ട പല റബ്ബർ വ്യവ സായങ്ങളും കോട്ടയത്താണു സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ റബർ ബോർഡ്, പ്ലാന്റേഷൻ കോർപ റേഷൻ ഓഫ് കേരളം, ഓയിൽ പാം ഇന്ത്യ ലിമി റ്റഡ് കേരളം, ഫോറെസ്റ്റു ഡെവലപ്മെന്റ കോർപ്പോറേഷൻ മുതലായവയുടെ ആസ്ഥാന കേന്ദ്രം കോട്ടയം ആണ്. എം.ആർ.എഫ്. ലിമിറ്റഡ് 1969ലാണ് പ്രവർത്തനം ആരംഭിച്ചത് .

### വാൽകഷ്ണം

**കോട്ടയം നാല് ''ക'' കളിലും പ്രശസ്തമാണ്**

**കപ്പ, കക്കായിറച്ചി, കരിമീൻ, കള്ള്!**

കടപ്പാട് : ശ്രീ രാജു കുര്യൻ, ചിത്രകൂടം, പാമ്പാടി, കോട്ടയം

# കണ്ണീർ പ്രണാമം!!!
# മേരി ജോൺ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകളം യൂണിറ്റ് അംഗം എ.ജി.എം (റിട്ട.) വത്സാ ജോണിന്റെ മാതാവ് (കവിയൂർ ചിറതലക്കൽ പരേതനായ സി.വി.ജോണിന്റെ ഭാര്യ) മേരി ജോൺ അന്തരിച്ച വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ കണ്ണീർ പ്രണാമം.



മേരി ജോൺ

## സ്റ്റേറ്റ് ബാങ്കിലെ ആദ്യ കോവിഡ് മരണം

## ശ്രീ. സന്ധു ബോർഡെ ദിവംഗതനായി

**മുംബായ് ചർച്ച്ഗേറ്റ് എസ്.എ.ആർ.ബി. ചീഫ് മാനേജരായിരുന്ന ശ്രീ. സന്ധു ബോർഡെ കോവിഡ് ബാധിച്ച് ചികിൽസയിലിരിക്കെ അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. ശ്രീ.സന്ധു ബോർഡെയുടെ അത്യന്തം ദൗർഭാഗ്യകരമായ അകാല നിര്യാണ ത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോ സിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.



ശ്രീ. സന്ധു ബോർഡെ

## ശ്രീ.രാജൻ കൃഷ്ണസ്വാമി നിര്യാതനായി.

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ശ്രീ.രാജൻ കൃഷ്ണസ്വാമി നിര്യാതനായി. ഭാര്യ ലക്ഷ്മി കൃഷ്ണസ്വാമി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു**



ശ്രീ.രാജൻ കൃഷ്ണസ്വാമി

# തമ്പി കുര്യൻ (88)



എടത്വ എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥൻ തമ്പി കുര്യൻ (88) നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട് ചെയ്യുന്നു..

# രാധാ ശങ്കർ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ യൂണിറ്റ് അംഗം എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥ രാധാ ശങ്കർ നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട് ചെയ്യുന്നു.. **(Our FPM No. 1436 Radha sankar w/o late K Sivasankaran )** വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

# നിര്യാതയായി

# ശ്രീമതി.ശാന്തകുമാരിയമ്മ (85)



നമ്മുടെ മെമ്പർ ശ്രീമതി. സി.ആർ. ശ്രീകുമാരിയുടെ (റിട്ട.മാനേജർ,എസ്.ബി.ഐ.) അമ്മ നിര്യാതയായ വിവരം വ്യാസന സമേതം അറിയിക്കുന്നു. പരേതയുടെ ആന്മാവിന് നിത്യശാന്തി നേരുന്നതോടൊപ്പം ശ്രീകുമാരിയുടെയും കുടുംബത്തിന്റെയും വേദനയിൽ പങ്കുചേരുകയും ചെയ്യുന്നു. നേരിൽ കണ്ട് അനുശോചനം അറിയിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ അവർക്ക് ഈ വിഷമഘട്ടത്തിൽ വേണ്ട ആശ്വാസം കൊടുക്കണമേയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ശ്രീകുമാരിയുടെയും കുടുംബത്തി**ന്റെ**യും ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

# കെ. പി. കൃഷ്ണൻ

പ്രിയ സുഹൃത്ത് കെ പി കൃഷ്ണൻ ദിവംഗതനായ അത്യന്തം ദുഃഖകരമായ വാർത്തകളാണ് എല്ലാ ഗ്രൂപ്പുകളിലും നിറയുന്നത്. കഴിഞ്ഞ കുറെ ദിവസങ്ങളായി തൃശൂരിലെ അമല ആശുപത്രിയിൽ ഗുരുതരമായ അവസ്ഥയിലായിരുന്നു

കൃഷ്ണൻ. ഡോക്ടർ മാരുടെ നിരന്തരമായ പരിശ്രമത്തിനിടയിലും എല്ലാം അവസാനിപ്പിച്ച് കുടുംബത്തേയും കുട്ടികളെയും സുഹൃത്തുക്കളേയും ദു:ഖത്തിലാഴ്ത്തി കൃഷ്ണൻ യാത്രയായി. ഏറെ അടുപ്പത്തിലായിരുന്നു കൃഷ്ണനും ഞാനും. 90കളുടെ തുടക്കം തൊട്ടു കോഴിക്കോട് മാനാഞ്ചിറ ശാഖയോട് തൊട്ടുള്ള ഓഫീസേഴ്സ് ഫ്ളാറ്റ് സമുച്ചയത്തിലെ കൂട്ട് കുടുംബത്തിലെ അംഗങ്ങളായിരുന്നു ഞങ്ങൾ. ഒരുമിച്ച് ഒരേശാഖയിൽ സഹപ്രവർത്തകരായി ജോലി ചെയ്തില്ലെങ്കിലും അതിലുപരിയായൊരടുപ്പം ഞങ്ങൾക്കിടയിലുണ്ടായിരുന്നു. റിട്ടയർമെന്റിന് ശേഷവും കണ്ട് മുട്ടിയ ഏതാനും ചില അവസരങ്ങളിൽ ആ അടുപ്പത്തിന്റെ ആകർഷകമായ തിളക്കം ഞങ്ങൾ കൈമാറിയിരുന്നു. മരണവും ർപിരിയലും ഒരനിവാര്യതയെന്നറിയാ മെങ്കിലും മനസ്സിനകത്ത് അതുണ്ടാക്കുന്ന നിശ്ശബ്ദ നൊമ്പരം എഴുതി ഫലിപ്പിക്കാനാവാത്ത നിസ്സഹായതയിലാണിപ്പോൾ.

പ്രിയ സുഹൃത്തിന് പ്രണാമം!!

രാജീവൻ




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ യൂണിറ്റ് അംഗം. അടാട്ട് മേരിമാത ഹയർ സെക്ക□ റി സ്കൂളിന്റെ അടുത്തുള്ള സൗഹൃദാ ഗാർഡനിലെ കെ.പി.കൃഷ്ണൻ


## പത്രാധിപസമിതി

### രക്ഷാധികാരി

**ശ്രീ.മാത്യു അടയ്ക്കമുണ്ടക്കൽ**

**മാനേജിംഗ് എഡിറ്റർ**
**ശ്രീ.എം.ജി.രാഘവൻ**
**ചീഫ് എഡിറ്റർ**
**ശ്രീ.പി.പി.ഫിലിപ്പ്**
**പത്രാധിപ സമിതി അംഗങ്ങൾ**
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കേ ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.